"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - പാലക്കാട് ചെറുമുണ്ടശ്ശേരി എ.യു.പി സ്കൂളിലെ യു.പി.എസ്.ടി. ശ്രീമതി. സീതാലക്ഷ്മി കെ.എ. ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) No. 6810/2020-ന്മേലുള്ള 06/03/2020-ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

G.O.(Rt)No.4306/2022/GEDN തീയതി,തിരുവനന്തപുരം, 23-07-2022

---

പരാമർശം:-

1 . ശ്രീമതി. സീതാലക്ഷ്മി കെ.എ. സമർപ്പിച്ച 17.6.2019-ലെ റിവിഷൻ ഹർജി (എക്സിബിറ്റ് പി 4 )

2.ശ്രീമതി. സീതാലക്ഷ്മി കെ.എ. ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.6810/2020-ന്മേലുള്ള 06/03/2020-ലെ വിധിന്യായം

3 . പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 25.11.2020-ലെ DGE/9656/2020/G1 നമ്പർ കത്ത്

4 . ഒറ്റപ്പാലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 20.7.2021-ലെ E/2415/2020 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പാലക്കാട് ചെറുമുണ്ടശ്ശേരി എ.യു.പി. സ്കൂളിലെ യു.പി.എസ്.ടി. ശ്രീമതി. സീതാലക്ഷ്മി കെ.എ. ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) No. 6810/2020-ന്മേലുള്ള 06/03/2020-ലെ വിധിന്യായത്തിൽ പരാതിക്കാരി സർക്കാർ മുമ്പാകെ സമർപ്പിച്ച എക്സിബിറ്റ് പി 4 റിവിഷൻ ഹർജി പരിശോധിച്ച്, ഹിയറിംങ്ങ് നടത്തി തീർപ്പാക്കുവാൻ എതിർ കക്ഷിയായ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയോട് നിർദ്ദേശിച്ചിരുന്നു. ആയതിൻ പ്രകാരം, 27/11/2020-ൽ നടത്തിയ ഹിയറിംഗിൽ പരാതിക്കാരിയ്ക്കുവേണ്ടി താഴെപറയുന്ന കാര്യങ്ങൾ ബോധിപ്പിച്ചു :

" ശ്രീമതി. സീതാലക്ഷ്മി 20/06/1991-ൽ യു.പി.എസ്.എ. ആയി സർവ്വീസിൽ പ്രവേശിച്ച ആളാണ്. ആയതുകൊണ്ടുതന്നെ ജി.ഒ.(എം.എസ്)നം.240/2000/പൊവിവ തിയതി 24/07/2000 പ്രകാരം,

ടിയാൾക്ക് സംരക്ഷണ ആനുകൂല്യം ഉള്ളതാണ്. 1997-98-ൽ ഒരു തസ്തിക നഷ്ടപ്പെടുകയുണ്ടായി. എങ്കിലും ടിയാൾ സ്കൂളിൽ തന്നെ ഹാജർ രേഖപ്പെടുത്തി തുടർന്നുവന്നിരുന്നു. 15/07/1997 മുതൽ 31/05/1998 വരെയുള്ള സേവനകാലം ക്രമീകരിച്ചുകിട്ടുവാനായി ഇതിന് മുൻപ് കേരള ഹൈക്കോടതിയെ സമീപിക്കുകയും, അതിന്റെ അടിസ്ഥാനത്തിൽ ജി.ഒ.(ആർ.ടി.) നം.1619/13/പൊവിവ തീയതി 09/04/2013 പ്രകാരം, ഇറക്കിയ സർക്കാർ ഉത്തരവിൽ 15/07/1997 മുതൽ 08/03/1998 വരെ അർദ്ധ വേതന അവധിയായും, 09/03/1998 മുതൽ 31/05/1998 വരെ ശൂന്യവേതന അവധിയായും സർക്കാർ അനുവദിച്ചു. ഈ വിഷയം സംബന്ധിച്ച് ബി 3/51362/2007/ പൊവിവ തീയതി 05/03/2010 എന്ന കത്ത് പ്രകാരം, ടിയാൾ സേവനത്തിൽ നിന്നും പുറത്തുനിന്ന കാലം അർഹതപ്പെട്ട അവധിയോ ശൂന്യവേതന അവധിയോ ആയി ക്രമീകരിക്കാമെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് .

ടിയാളുടെ ബ്രോക്കൺ സർവ്വീസുകൾ ഗ്രേഡിന് പരിഗണിക്കണം എന്ന അപേക്ഷയുമായി 03/08/2015-ന് സർക്കാരിനെ സമീപിക്കുകയുണ്ടായി. അതിന് ലഭിച്ച ബി3/244/17/പൊവിവ തിയതി 27/02/2019- ലെ മറുപടി കത്തിൽ ബ്രോക്കൺ സർവ്വീസുകൾ ഹയർ ഗ്രേഡിന് കണക്കാക്കാം എന്ന് ഉത്തരവ് ആയതിനോടൊപ്പം 15/07/1997 മുതൽ 08/03/1998 വരെ ക്രമീകരിച്ച അർദ്ധ വേതന അവധിക്കാലം സർവ്വീസ് ആനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ല എന്ന പരാമർശവും ഉണ്ടായി. തന്മൂലം ഗ്രേഡ് നിർണ്ണയം തടസ്സപ്പെടുകയും ചെയ്തു. ഈ പരാമർശത്തിനെതിരെയാണ് ടിയാളുടെ പുന : പരിശോധനാ ഹർജി.

അദ്ധ്യാപകരുടെ സംരക്ഷണം സംബന്ധിച്ച അവസാനത്തെ ഉത്തരവാണ് ജി.ഒ.(എം.എസ്) നം.240/2000/പൊവിവ തിയതി 24/07/2000. ഇത് നിലനിൽക്കുമ്പോൾ 31 വർഷം മുൻപ് ഇറക്കിയ ജി.ഒ.(എം.എസ്) നം.104/1969/പൊവിവ തീയതി 6 / 0 3 / 1 9 6 9 തികച്ചും കാലഹരണപ്പെട്ടതാണ്. കേരള സർവ്വീസ് നിയമം ഭാഗം ഒന്നിലെ റൂൾ 82 പ്രകാരം അനുവദിക്കുന്ന അർദ്ധ വേതന അവധിക്കാലം എല്ലാ സർവ്വീസ് ആനുകൂല്യങ്ങൾക്കും യോഗ്യകാലമാണ്. ഈ നിയമത്തെ കാലഹരണപ്പെട്ടുപോയ 1969-ലെ സർക്കാർ ഉത്തരവിന് ദുർബലപ്പെടുത്തുവാൻ കഴിയുന്നതല്ല .

ജി.ഒ.(പി) നം.103/2000/പൊവിവ തിയതി 27/03/2000 എന്ന ഉത്തരവിലും സംരക്ഷണത്തിന് അർഹതയുള്ള അദ്ധ്യാപകർക്ക് തസ്തിക നഷ്ടം സംഭവിച്ചാൽ സേവനത്തിൽ നിന്നും പുറത്തു നിന്ന കാലം അർഹതപ്പെട്ട അവധിയായി ക്രമീകരിക്കുവാൻ വ്യവസ്ഥയുണ്ട്. അപ്രകാരം ക്രമീകരിക്കപ്പെട്ടു കഴിഞ്ഞാൽ സേവനകാല ആനുകൂല്യങ്ങൾ നിശ്ചയിക്കുന്നത് അവധിയുടെ സ്വഭാവമനുസരിച്ചാണ്. ആയതിനാൽ 27/02/2019-ലെ സർക്കാർ കത്തിലെ പരാമർശം അർദ്ധ വേതന അവധിയെ

സംബന്ധിച്ച കേരള സർവ്വീസ് ചട്ടം ഭാഗം ഒന്നിലെ നിയമം 8 2 ന് വിരുദ്ധമാകയാൽ റദ്ദാക്കപ്പെടേണ്ടതാണ്. ആയതുകൊണ്ട് മേൽ പരാമർശമൊഴിവാക്കി 15/07/1997 മുതൽ 08/03/1998 വരെയുള്ള ടിയാളുടെ അർദ്ധ വേതന അവധിക്കാലം ഗ്രേഡ് പ്രൊമോഷൻ ഉൾപ്പെടെ എല്ലാ സർവ്വീസ് ആനുകൂല്യങ്ങൾക്കും യോഗ്യകാലമാണെന്ന നിയമ വ്യവസ്ഥ നടപ്പിൽ വരുത്തുവാൻ വേണ്ട ഭേദഗതി ഉത്തരവ് ഉണ്ടാകുവാൻ അപേക്ഷിക്കുന്നു".

3. മേൽ വിഷയം സംബന്ധിച്ചുള്ള വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർ ട്ട് ചുവടെ ചേർക്കുന്നു:

" പാലക്കാട് ഒറ്റപ്പാലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിൽ വരുന്ന ചെറുമുണ്ടശ്ശേരി എ.യു.പി. സ്കൂളിൽ 20/06/1991 മുതൽ ശ്രീമതി. സീതാലക്ഷ്മി കെ.എ,, യു.പി.എസ്.ടി. ആയി സേവനം അനുഷ്ഠിച്ചുവരുന്നു. 1997-98 വർഷത്തിൽ തസ്തിക നിർണ്ണയം നടത്തിയപ്പോൾ യു.പി.എസ്.ടി. തസ്തിക നഷ്ടപ്പെട്ടതിനെ തുടർന്ന് 15/07/1997 മുതൽ 31/05/1998 വരെ ടിയാരി പുറത്ത് നില്ക്കേണ്ടതായി വന്നു. പുറത്ത് പോകേണ്ടി വന്ന കാലം ക്രമീകരിക്കുവാൻ ശ്രീമതി. സീതാലക്ഷ്മി കെ.എ. സമർപ്പിച്ച അപേക്ഷയിൻമേൽ സർക്കാർ ഉത്തരവ് നം.1619/2013/പൊ.വി.വ തിയതി 09/04/2013 പ്രകാരം 15/07/1997 മുതൽ 08/03/1998 വരെ അർദ്ധവേതന അവധിയായും 09/03/1998 മുതൽ 31/05/1998 വരെ ശൂന്യവേതനാവധിയായും ക്രമീകരിക്കുവാൻ ഉത്തരവായിരുന്നു. 09/03/1998 മുതൽ 31/05/1998 വരെയുള്ള ശൂന്യവേതനാവധിക്കാലം സേവന ആനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ല എന്നും വ്യക്തമാക്കിയിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം ശ്രീമതി. സീതാലക്ഷ്മി കെ.എ. 15/07/1997 മുതൽ 08/03/1998 വരെയുള്ള കാലഘട്ടത്തിലെ അർദ്ധവേതനവും അലവൻസും കൈപ്പറ്റിയിരുന്നു.

തുടർന്ന്, ബ്രോക്കൺ സർവ്വീസുകൾ ഗ്രേഡിന് പരിഗണിക്കണമെന്ന് ആവശ്യപ്പെട്ട് ടിയാരി സർക്കാരിലേക്ക് അപേക്ഷ സമർപ്പിക്കുകയും, അതേ തുടർന്ന് സർക്കാർ ഉത്തരവ് നം. ബി 3/244/2017/ പൊവിവ തിയതി 27/02/2019 പ്രകാരം ബ്രോക്കൺ സർവ്വീസുകൾ ഹയർ ഗ്രേഡിന് കണക്കാക്കാം എന്ന് ഉത്തരവാകുകയും ചെയ്തതിനോടൊപ്പം, 15/07/1997 മുതൽ 08/03/1998 വരെ ക്രമീകരിച്ച അർദ്ധവേതനാവധി സർവ്വീസ് ആനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ല എന്ന് പരാമർശിക്കുകയും, ആയതിനെ തുടർന്ന് ഗ്രേഡ് നിർണ്ണയം നടത്താതെ വരുകയും ചെയ്തു.

15/07/1997 മുതൽ 08/03/1998 വരെ അർദ്ധവേതനാവധിയായി സർക്കാർ അംഗീകരിച്ച അവധി സേവന ആനുകൂല്യങ്ങൾക്ക് പരിഗണിക്കേണ്ടതില്ല എന്ന പരാമർശം നീക്കി, മേൽ കാലഘട്ടത്തിലെ അർദ്ധവേതനാവധി എല്ലാ സേവന ആനുകൂല്യങ്ങൾക്കും കണക്കാക്കുന്നതിനുള്ള

ഉത്തരവ് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ടിയാരി സർക്കാരിലേക്ക് 17/08/2019 ന് പുന:പരിശോധനാ ഹർജി സമർപ്പിക്കുകയും, ആയതിന്മേൽ ഉടൻ തീരുമാനം കൈക്കൊള്ളുവാൻ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹു.കേരളാ ഹൈക്കോടതിയിൽ സമാന്തരമായി റിട്ട് ഹർജി നം.6810/2020 ഫയൽ ചെയ്യുകയുമാണ് ഉണ്ടായിട്ടുള്ളത് എന്ന വിവരം ബോധിപ്പിക്കുന്നു".

4. കൂടാതെ, 9.4.2013-ലെ GO(Rt) No.1619/2013/GEdn പ്രകാരം ആണ് ശ്രീമതി. കെ.എ. സീതാലക്ഷ്മിയുടെ തസ്തിക ഇല്ലാതെ പുറത്തു നിന്ന 15.7.1997 മുതൽ 8.3.1998 വരെയുള്ള കാലയളവ് അർഹതപ്പെട്ട അവധിയായി ക്രമീകരിച്ചതെന്നും, എന്നാൽ 20.6.1991 മുതൽ സർവീസ് ആരംഭിച്ച അധ്യാപികക്ക് തസ്തിക നഷ്ടം സംഭവിച്ചപ്പോൾ 120 അർദ്ധവേതന അവധി മാത്രമേ ക്രെഡിറ്റിൽ ഉണ്ടായിരുന്നുള്ളു എങ്കിലും ഉത്തരവ് ഇറങ്ങിയ കാലയളവ് വരെ കണക്കാക്കി തെറ്റായാണ് 237 ദിവസത്തെ അർദ്ധവേതന അവധി അനുവദിച്ചതെന്നും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ പരാമർശം (4) പ്രകാരം അറിയിക്കുകയുണ്ടായി .

5 . സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ചുവടെ പറയുന്ന സാഹചര്യങ്ങൾ ഈ കേസിലെ രേഖകൾ പരിശോധിക്കുമ്പോൾ കാണുന്നു:

ഒന്ന്) കോടതി വിധി നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായാണ് 9.4.2013-ലെ GO(Rt) No. 1619/2013/GEdn പുറപ്പെടുവിച്ചത്. ഈ ഉത്തരവു പ്രകാരം ആണ് ശ്രീമതി. കെ.എ. സീതാലക്ഷ്മിയുടെ തസ്തിക ഇല്ലാതെ പുറത്തു നിന്ന 15.7.1997 മുതൽ 8.3.1998 വരെയുള്ള കാലയളവ് (237 ദിവസം) അർഹതപ്പെട്ട അവധിയായി ക്രമീകരിച്ചത്. എന്നാൽ , 20.6.1991 മുതൽ സർവീസ് ആരംഭിച്ച അധ്യാപികക്ക് തസ്തിക നഷ്ടം സംഭവിച്ച സമയത്ത് 120 അർദ്ധവേതന അവധി മാത്രമേ ക്രെഡിറ്റിൽ ഉണ്ടായിരുന്നുള്ളു. എങ്കിലും, ഉത്തരവ് ഇറങ്ങിയ കാലയളവ് (9.4.2013) വരെ കണക്കാക്കിയാണ് 237 ദിവസത്തെ അർദ്ധവേതന അവധി സർക്കാർ അനുവദിച്ചത്. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ആയത് അപ്രകാരം പാസ്സാക്കി ശമ്പളാനുകൂല്യങ്ങൾ നല്കുകയും ചെയ്തു. ഈ വസ്തുതകളിൽ കൃത്യത വരുത്തിയ റിപ്പോർട്ട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അറിയിക്കുന്നത് 2021-ലാണ്.

രണ്ട്) 9.4.2013-ലെ ഉത്തരവിൽ വളരെ വ്യക്തമായി 15/07/1997 മുതൽ 08/03/1998 വരെ 237 ദിവസത്തെ അർദ്ധവേതന അവധിയായും 09/03/1998 മുതൽ 31/05/1998 വരെ 84 ദിവസത്തെ ശൂന്യവേതനാവധിയായും ക്രമീകരിക്കുവാൻ ഉത്തരവായിരുന്നു. മാത്രമല്ല, 09/03/1998 മുതൽ 31/05/1998 വരെയുള്ള ശൂന്യവേതനാവധിക്കാലം സേവന ആനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ല എന്നും വ്യക്തമാക്കിയിരുന്നു. ഈ ഉത്തരവ് അതേപടി വിദ്യാഭ്യാസ ഓഫീസർ പാലിച്ചുകൊണ്ട് ഉത്തരവിറക്കുകയാണുണ്ടായതെന്ന് റിപ്പോർട്ടുകളിൽ നിന്നും വ്യക്തമാകുന്നു. അതുകൊണ്ട്, ഇത്രയും

കൃത്യതയോടെ ഓരോ തരം അവധിയ്ക്കും പരിഗണിക്കേണ്ടതായ കാലയളവ് വ്യക്തമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരിക്കെ, ആയത് അക്ഷരംപ്രതി നടപ്പാക്കിയ വിദ്യാഭ്യാസ ഓഫീസർ പൂർണ്ണമായും കുറ്റക്കാരനാണെന്നു വിലയിരുത്താനാകാത്ത സാഹചര്യമാണുള്ളത്. സർക്കാരിന്റെയും വകുപ്പിന്റെയും ഉത്തരവുകൾ പ്രകാരം 15/07/1997 മുതൽ 08/03/1998 വരെയുള്ള കാലഘട്ടത്തിലെ അർദ്ധവേതനവും അലവൻസും ഹർജിക്കാരി കൈപ്പറ്റിക്കഴിഞ്ഞ സ്ഥിതിയ്ക്ക് ഇനി 9 വർഷത്തിനിപ്പുറം പ്രസ്തുത ഉത്തരവുകൾ റദ്ദാക്കിക്കൊണ്ട് നൽകപ്പെട്ട ആനുകൂല്യങ്ങൾ തിരിച്ചെടുക്കുന്നതിൽ അനൌചിത്യമുണ്ടെന്നു കാണുന്നു. ബഹു: സുപ്രീം കോടതി 2016-ൽ പുറപ്പെടുവിച്ച *"റഫീഖ് മാഷി കേസ്"* ലെ പ്രസിദ്ധമായ വിധിന്യായം പ്രകാരം ഒരിക്കൽ നൽകപ്പെട്ട ആനുകൂല്യം അനർഹമായതാണെങ്കിൽ കൂടി, വകുപ്പുതല ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുമുണ്ടായ പാളിച്ച മൂലം ആയത് അനുവദിക്കപ്പെട്ടതാണെങ്കിൽ നല്കപ്പെട്ട ആനുകൂല്യം കൈപ്പറ്റിയ വ്യക്തിയിൽ നിന്നും തിരിച്ചു പിടിക്കരുതെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ വേണം ഹർജിക്കാരിയ്ക്ക് 9 വർഷത്തിനു മുമ്പ് സർക്കാരും വകുപ്പും അനുവദിച്ച് ഹർജിക്കാരി കൈപ്പറ്റിക്കഴിഞ്ഞതായ ഒരു ആനുകൂല്യം തിരിച്ചു പിടിയ്ക്കുന്നതിന്റെ സാംഗത്യം പരിശോധിക്കാനുള്ളത്.

മൂന്ന്) പ്രൊട്ടക്റ്റഡ് അദ്ധ്യാപികയാണ് ഹർജിക്കാരി. മുൻകാലങ്ങളിൽ ഒരു പ്രൊട്ടക്റ്റഡ് അദ്ധ്യാപിക തസ്തികനഷ്ടം മൂലം പുറത്തു നിൽക്കുന്ന കാലയളവ് മാതൃസ്കൂളിൽ തന്നെ നിലനിർത്തി ശമ്പളം നൽകിവന്നിരുന്നു [ജി.ഒ(എം.എസ്).28/83 തീയതി 26.2.1983 തുടങ്ങിയവ പ്രകാരം]. അങ്ങനെ ചെയ്യുപ്പോഴും, അവർക്ക് അവിടെ നിലനിൽക്കാൻ തസ്തികയില്ലെന്ന വസ്തുത ബോദ്ധ്യപ്പെട്ടുതന്നെയാണ് അപ്രകാരം ചെയ്തിരുന്നത്. പിന്നീട്, പുറത്തു നിൽക്കുന്ന കാലയളവ് അർഹതപ്പെട്ട അവധിയായോ ശൂന്യവേതന അവധിയായോ ക്രമവൽക്കരിക്കുന്നതിന് സർക്കാർ ഉത്തരവു നൽകിത്തുടങ്ങി. അതനുസരിച്ച്, ഒരു പ്രൊട്ടക്റ്റഡ് അദ്ധ്യാപികയ്ക്ക് വേണമെങ്കിൽ പുറത്തു നിൽക്കുന്ന കാലയളവ് തന്റെ ക്രെഡിറ്റിലുള്ള അർഹതപ്പെട്ട അവധി എടുത്തുകൊണ്ട് ക്രമവൽക്കരിക്കാമെന്ന സാഹചര്യം നിലവിൽ വന്നു. അങ്ങനെ ക്രമവൽക്കരിക്കുമ്പോൾ ശ്രദ്ധിക്കേണ്ടതായ ഒരു വസ്തുത, ഈ നടപടിക്രമം സാധാരണ സർവ്വീസിലുള്ള ഒരു നടപടിക്രമം അല്ലെന്നതും എയ്ഡഡ് മേഖലയുടെ സവിശേഷത കണക്കിലെടുത്ത് അനുവദിച്ച ഒരു ആനുകൂല്യമാണെന്നതുമാണ്. അതുകൊണ്ട്, അവിടെ കെ.എസ്. ആർ.-ൽ അവധി അനുവദിക്കുന്നതിനു പരിശോധിക്കേണ്ടതായ നിബന്ധനകൾ (അതായത്, ഒഫീഷിയേറ്റിങ്ങിന് തസ്തിക ലഭ്യമാണോ ഇല്ലയോ എന്നത്) കണക്കിലെടുത്തിരുന്നില്ല. സർക്കാർ സംരക്ഷിച്ചു നിർത്തിയ ഒരു എയ്ഡഡ് സ്കൂൾ റ്റീച്ചർ പുറത്തു നിന്ന കാലയളവ് സർക്കാർ ഉത്തരവിന്റെ പിൻബലത്തിൽ തന്റെ ക്രെഡിറ്റിലുള്ള അർഹതപ്പെട്ട അവധി എടുത്തുകൊണ്ട്, സേവനത്തിൽ നിന്നും തൽക്കാലം മാറിനിൽക്കുന്ന സാഹചര്യത്തെ തന്റെ ക്രെഡിറ്റിലുള്ള അർഹതപ്പെട്ട അവധി എടുത്തുകൊണ്ട്, സേവനത്തിൽ നിന്നും തൽക്കാലം മാറിനിൽക്കുന്ന മറ്റു ഉദ്യോഗസ്ഥർക്കു സമം പരിഗണിക്കപ്പെട്ട്

ശമ്പളാനുകൂല്യങ്ങൾ നൽകി വന്നിരുന്നതായും സമാനഫയലുകളിൽ കാണപ്പെടുന്നുണ്ട്. അതുകൊണ്ട്, പ്രൊട്ടക്റ്റഡ് അദ്ധ്യാപികയായ ഹർജിക്കാരി തസ്തികനഷ്ടം മൂലം പുറത്തു നിന്ന കാലയളവ് തന്റെ ക്രെഡിറ്റിലുള്ള അർഹതപ്പെട്ട അവധി എടുത്തുകൊണ്ട് ക്രമവൽക്കരിച്ചതും, അങ്ങനെ ക്രവൽക്കരിച്ചതായ കാലയളവിൽ ശമ്പളാനുകൂല്യങ്ങൾക്ക് യോഗ്യത കൈവരുന്നതും ക്രമരഹിതമായിരുന്നില്ലെന്നു കാണുന്നു.

നാല്) 20.6.1991 മുതൽ സർവീസ് ആരംഭിച്ച അധ്യാപികക്ക് തസ്തിക നഷ്ടം സംഭവിച്ച വേളയിൽ, അതായത് 1997-98-ൽ, 120 അർദ്ധ വേതന അവധി മാത്രമേ ക്രെഡിറ്റിൽ ഉണ്ടായിരുന്നുള്ളു എങ്കിലും ഉത്തരവ് ഇറങ്ങിയ കാലയളവ് വരെ (അതായത്, 9.4.2013) കണക്കാക്കിയാണ് 2 3 7 ദിവസത്തെ അർദ്ധവേതന അവധി അനുവദിച്ചതെന്നുള്ള ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ട് പരിശോധിച്ചതിൽ നിന്നും കോടതിവിധി നടപ്പിൽ വരുത്തുന്നതിനു വേണ്ടി പുറപ്പെടുവിച്ച 9.4.2013 ലെ GO(Rt)No. 1619/2013/GEdn ഉത്തരവിൽ , 15/07/1997 മുതൽ 08/03/1998 വരെ ക്രഡിറ്റിൽ ഉള്ളപക്ഷം 2 3 7 ദിവസം അർദ്ധവേതന അവധിയായും 09/03/1998 മുതൽ 31/05/1998 വരെ 8 4 ദിവസം ശൂന്യവേതനാവധിയായും ക്രമീകരിക്കുവാൻ അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം ഉത്തരവായിരുന്നു. ഏതു തീയതി പ്രാബല്യത്തിൽ എന്നു കൃത്യമായ സൂചന പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിരുന്നില്ലാത്തതിനാൽ, അത്തരം സാഹചര്യങ്ങളിൽ സാധാരണഗതിയിൽ ഉത്തരവു തീയതി വച്ച് പ്രാബല്യം കണക്കാക്കി വരുന്നതിനാൽ 9.4.2013 തീയതി അടിസ്ഥാനമാക്കി ക്രെഡിറ്റിലുള്ള 237 ദിവസത്തെ അർദ്ധവേതന അവധി വിദ്യാഭ്യാസ ഓഫീസർ അനുവദിച്ചു. പ്രസ്തുത ഉത്തരവിലുപയോഗിച്ച വാക്യഘടന ഇത്തരം ഒരു വ്യാഖ്യാനത്തിനു വഴങ്ങുന്നവിധം നിലകൊള്ളുന്നതിനാൽ അപ്രകാരം അവധി അനുവദിച്ച വിദ്യാഭ്യാസ ഓഫീസറെ പൂർണ്ണമായും കുറ്റപ്പെടുത്താനാകില്ലെന്നു കാണുന്നു. സ്പഷ്ടീകരണത്തിനെഴുതിയിരുന്നെങ്കിൽ വസ്തുത സർക്കാർ വ്യക്തമാക്കുമായിരുന്നു എന്നു കരുതാവുന്നതാണ്. സർക്കാർ ഉത്തരവിന്റെയും വിദ്യാഭ്യാസ ഓഫീസറുടെയും ഉത്തരവുകളുടെ പിൻബലത്തിൽ ഹർജിക്കാരി ശമ്പളാനുകൂല്യങ്ങൾ കൈപ്പറ്റുകയും ചെയ്തു. ക്രെഡിറ്റിലുള്ള 237 ദിവസത്തെ അർദ്ധവേതന അവധി കുറവ് ചെയ്തുകൊണ്ടാണ് ഇപ്രകാരം ശമ്പളാനുകൂല്യങ്ങൾ അനുവദിച്ചതെന്നുള്ളതു കൊണ്ടും, പ്രസ്തുത കാലഘട്ടത്തിലെ അർദ്ധവേതനവും അലവൻസും ഹർജിക്കാരി കൈപ്പറ്റിക്കഴിഞ്ഞ സ്ഥിതിയ്ക്കും, ഇനി പ്രസ്തുത ഉത്തരവുകൾ റദ്ദാക്കിക്കൊണ്ട്, നൽകപ്പെട്ട ആനുകൂല്യങ്ങൾ തിരിച്ചെടുക്കുന്നതിൽ അനൌചിത്യമുണ്ടെന്നു കാണുന്നു. ഇക്കാര്യത്തിൽ ബഹു: സുപ്രീം കോടതി 2016-ൽ പുറപ്പെടുവിച്ച *"റഫീഖ് മാഷി കേസ്"* ലെ വിധിന്യായത്തിലെ നിർദ്ദേശമനുസരിച്ച് ഹർജിക്കാരിയ്ക്ക് 9 വർഷത്തിനു മുമ്പ് സർക്കാരും വകുപ്പും അനുവദിച്ചതും, ഹർജിക്കാരി കൈപ്പറ്റിക്കഴിഞ്ഞതായ ആനുകൂല്യം തിരിച്ചു പിടിയ്ക്കേണ്ടതില്ലെന്നു തീരുമാനമെടുക്കുന്നത് ഉചിതമാകുമെന്നു കാണുന്നു.

6. ഈ കേസിൽ, മേൽ വിവരിച്ച പ്രകാരം പ്രത്യേക സാഹചര്യം നിലനില്ക്കുന്നതായി കാണുന്നതിനാൽ ഇതൊരു കീഴ്വഴക്കമാകരുതെന്ന വ്യവസ്ഥയിൽ, ഹർജിക്കാരിയുടെ 15/07/1997 മുതൽ 08/03/1998 വരെയുള്ള അർദ്ധവേതന അവധിക്കാലം ഗ്രേഡ് പ്രൊമോഷൻ ഉൾപ്പെടെ എല്ലാ സർവ്വീസ് ആനുകൂല്യങ്ങൾക്കും യോഗ്യകാലമായി പരിഗണിക്കുവാൻ ഒറ്റപ്പാലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി, എക്സിബിറ്റ് പി.4 റിവിഷൻ അനുവദിച്ചു കൊണ്ട് പരാമർശം (2)-ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
A P M MOHAMMED HANISH
PRINCIPAL SECRETARY

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം. (ആമുഖ കത്ത് സഹിതം)

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ / ഓഡിറ്റ്),തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ ഡയറക്ടർ തിരുവനന്തപുരം

വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം

ശ്രീമതി സീതാലക്ഷ്മി കെ.എ., യുപിഎസ്.ടി, എ.യു.പി.എസ്., ചെറുമുണ്ടശ്ശേരി, അമ്പലപ്പാറ, ഒറ്റപ്പാലം, പാലക്കാട്

ധനകാര്യ വകുപ്പ് (18.10.2021 ലെ EDN-A1/170/2021-FIN പ്രകാരം)

നിയമ വകുപ്പ് (17/05/2022-ലെ ഒപ്പീനിയൻ-എഫ്1/18/2022-നിയമം പ്രകാരം)

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Shahna Kumari S L**
**Date: 26-07-2022 10:26:26**

സെക്ഷൻ ഓഫീസർ